(സി) അനുബന്ധത്തിൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികളിൽ ഇനം 1 മുതൽ 8 വരെയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇനം 9 മുതൽ 17 വരെയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തിക്കുവേണ്ടിയുള്ള ഫണ്ട് റിക്വസ്റ്റ് ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇതോടൊപ്പം ആവശ്യമായ എല്ലാ രേഖകളും ലഭ്യമാക്കിയിട്ടില്ല. ടി രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഈ പ്രവൃത്തി പി.ഡബ്ല്യു.ഡി.-ക്ക് ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗിൽ നിന്നും നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിട്ടില്ല.

പൊതുകിണറുകൾ, കുളങ്ങൾ എന്നിവയുടെ പുനരുദ്ധാരണവും സംരക്ഷണവും

283 (3570) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന പൊതുകിണറുകൾ, കുളങ്ങൾ എന്നിവയുടെ പുനരുദ്ധാരണം, സംരക്ഷണം എന്നിവയ്ക്ക് പ്രത്യേക പദ്ധതികളെന്തെങ്കിലും നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ മാലിന്യ നിക്ഷേപകേന്ദ്രങ്ങളായി മാറിയിട്ടുള്ള പ്രസ്തുത ശുദ്ധജല സ്രോതസ്സുകളെ ശുചിയാക്കി സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ ;

(സി) സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളുടെ കീഴിൽ എത്ര പൊതുകിണറുകളും കുളങ്ങളും ഉണ്ടെന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന പൊതുകിണറുകൾ, കുളങ്ങൾ എന്നിവയുടെ പുനരുദ്ധാരണം, സംരക്ഷണം എന്നിവയ്ക്ക് പ്രത്യേക പദ്ധതികൾ നിലവിലില്ല. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച സ.ഉ(എം.എസ്) No.362/13/ തസ്വഭവ തീയതി: 16-11-2013 പ്രകാരം പൊതുകിണറുകൾ, കുളങ്ങൾ എന്നിവയുടെ പുനരുദ്ധാരണം സംരക്ഷണം എന്നിവ സംബന്ധിച്ച് മാർഗ്ഗരേഖയിൽ വ്യക്തമായ മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. കുളങ്ങൾ വൃത്തിയാക്കൽ ചെളിയെടുക്കൽ, ആഴം കൂട്ടൽ തുടങ്ങിയവ ഉൾപ്പെടെയുള്ള പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ചെയ്യുന്നതിന് മേൽ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും കുളങ്ങളും കിണറുകളും പുനരുദ്ധരിക്കുന്നതിന് തനത് ഫണ്ട്, റോഡിതര മെയിന്റനൻസ് ഫണ്ട് എന്നിവ ഉപയോഗിക്കുന്നുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കുടുംബശ്രീയുടെ പതിനാറാം വാർഷിക സമ്മേളനം

284 (3571) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീയുടെ പതിനാറാം വാർഷിക സമ്മേളനം തിരുവനന്തപുരത്ത് സംഘടിപ്പിച്ചത് സർക്കാരാണോ ; ഇതിനായി സംസ്ഥാന ഖജനാവിൽ നിന്നും എത്ര രൂപ ചെലവായി എന്തെല്ലാം ഇനത്തിൽ എത്ര രൂപ വീതം ചെലവ് വരികയുണ്ടായി ;

(ബി) സർക്കാരിന്റെ സംസ്ഥാന തലത്തിലുള്ള പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തത് ആരാണ് ; പ്രസ്തുത വ്യക്തി എന്ത് ഔദ്യോഗിക സ്ഥാനമാണ് വഹിക്കുന്നത് ;

(സി) സർക്കാർ പരിപാടി എന്ന നിലയിൽ പ്രോട്ടോക്കോൾ പാലിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; പ്രസ്തുത ഉദ്ഘാടന പരിപാടിയിൽ പ്രതിപക്ഷത്തുനിന്നുള്ള പ്രാതിനിധ്യം ഉണ്ടായിരുന്നുവോ ;

(ഡി) ജനപ്രതിനിധികൾക്ക് പുറമേ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെ ഉദ്ഘാടന പരിപാടിയിൽ പങ്കെടുപ്പിക്കുകയുണ്ടായി ?